**കേരള സർക്കാർ**

**സംഗ്രഹം**

പങ്കാളിത്ത പെൻഷൻ പദ്ധതി - ശമ്പള പരിഷ്കരണം, ക്ഷാമബത്താ വർദ്ധനവിന്റെ ഭാഗമായുണ്ടാകുന്ന കുടിശ്ശിക തുകയിൽ നിന്നും വിഹിതം തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ അടവാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (പെൻഷൻ - എ) വകുപ്പ്**

**സ.ഉ(അച്ചടി)നം.19/2020/ധന.** **തിരുവനന്തപുരം,തീയതി, 27/02/2020**

================================================================

പരാമർശം :- (1) സ.ഉ(അച്ചടി)നം.20/2013/ധന. തീയതി 07.01.2013.

(2) സ.ഉ(അച്ചടി)നം.81/2014/ധന. തീയതി 24.02.2014.

(3) സ.ഉ(അച്ചടി)നം.440/2014/ധന. തീയതി 13.10.2014.

(4) പി.എഫ്.ആർ.ഡി.എ -യുടെ 06.01.2015-ലെ PFRDA/20/SG/14/II നമ്പർ കത്ത്

(5) സ.ഉ (അച്ചടി) നം.75/2016/ധന. തീയതി 20.05.2016

(6) സി & എ.ജി-യുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1.7.4.4

**ഉത്തരവ്**

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതി ബാധകമായിരുന്ന സർക്കാരിലോ സർക്കാരിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലോ 01.04.2013-ന് ശേഷം സേവനത്തിൽ പ്രവേശിക്കുന്ന മുഴുവൻ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് "General Provident Fund (Kerala) Rules 2011" ചട്ടങ്ങൾ ബാധകമാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. ശമ്പളപരിഷ്കരണം ക്ഷാമബത്താ വർദ്ധനവ് എന്നതിന്റെ ഭാഗമായിട്ടുണ്ടാകുന്ന കുടിശ്ശിക തുക പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ അടവാക്കേണ്ടതാണെന്ന് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നതാണ്.

**2)** പി.എഫ്.ആർ.ഡി.എ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ കത്തിന്റെയും സി&എ.ജി-യുടെ പരാമർശം (6) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരന്റെ പ്രതിമാസ ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നാണ് പരാമർശം (1) ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. ശമ്പള പരിഷ്കരണ, ക്ഷാമബത്താ കുടിശ്ശികകൾ

ശമ്പളത്തിന്റെയും ഡി.എ-യുടേയും ഭാഗമായതിനാൽ പ്രസ്തുത കുടിശ്ശിക തുകയിൽ നിന്നും 10% വിഹിതം കിഴിവ് വരുത്തേണ്ടതും തുല്യമായ സർക്കാർ വിഹിതം ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതുമാണെന്ന് ഉത്തരവാകുന്നു. ഇത്തരത്തിൽ കിഴിവ് വരുത്തിയതിന് ശേഷമുള്ള തുക മാത്രം പരാമർശം (3) ഉത്തരവിന് വിധേയമായി ജീവനക്കാരന്റെ ജി.പി.എഫ് അക്കൗണ്ടിൽ അടവാക്കിയാൽ മതിയെന്നും ഉത്തരവാകുന്നു.

**3)** അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണ, ക്ഷാമബത്താ കുടിശ്ശികകളിൽ നിന്നും എൻ.പി.എസ് വിഹിതം അടവാക്കുന്നതിനായി സർക്കാർ പരാമർശം (5) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിൽ അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണ കുടിശ്ശികകളിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കുന്നത് ഉറപ്പ് വരുത്തുന്നതിന് എല്ലാ ഡി.ഡി.ഒ-മാർക്കും നിർദ്ദേശം നല്കി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ), തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
5. സംസ്ഥാനത്തെ എല്ലാ വകുപ്പ് മേധാവികൾക്കും
6. സ്പാർക്ക്, യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം.
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
8. നോഡൽ ഓഫീസർ www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**